I/63958/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4403/2022-WEC5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-10-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം-സർട്ടിഫിക്കറ്റ് നൽകുന്നത്-സംബന്ധിച്ച്:-

സൂചന:-
1. GO(MS) No.283/2012/G.Edn.Thiruvananthapuram dated 14/09/2012
2. GO(MS) No.18/13/G.Edn.Thiruvananthapuram dated 18/01/2013
3. സഉ(അച്ചടി) നം.4/2021/സാനീവ തീയ്യതി:02/02/2021
4. *സാമൂഹ്യനീതി ഡയരക്ടറുടെ 17/09/2022ലെ SJD/3779/2022-G2 കത്ത്*

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഓർഫണേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിന് ഓർഫണേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോട്ടു കൂടി പ്രവർത്തിക്കുന്ന ഓർഫണേജുകളിൽ നിന്നുള്ളവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കണമെന്ന സൂചന(1),(2) പ്രകാരമുള്ള ഉത്തരവനുസരിച്ച് ബന്ധപ്പെട്ട ജില്ലാസാമൂഹ്യനീതി ഓഫീസറാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നല്കിവന്നിരുന്നത്. വകുപ്പ് വിഭജനത്തെ തുടർന്ന് വനിതാശിശുവികസനവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിന് ടി വിദ്യർത്ഥികൾ അതാത് സ്ഥാപനങ്ങളിലെ താമസക്കാരാണെന്നുള്ള സാക്ഷ്യപത്രം അതാത് ജില്ലാവനിതശിശുവികസനഓഫീസർ നൽകേണ്ടതാണെന്ന് സൂചന(3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ടി, സാഹചര്യത്തിൽ ഓർഫണേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിന് ടി വിദ്യർത്ഥികൾ അതാത് സ്ഥാപനങ്ങളിലെ താമസക്കാരാ ണെന്നുള്ള സാക്ഷ്യപത്രം അതാത് ജില്ലാവനിതശിശുവികസന ഓഫീസർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

വനിതാശിശുവികസന ഡയറക്ടർക്കു വേണ്ടി.